**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര താലൂക്കിലെ നാല് യുവാക്കൾ കേരളത്തിന് പുറത്ത് സാമ്പത്തിക തട്ടിപ്പിനിരയായി മദ്ധ്യപ്രദേശ് പോലീസ് അറസ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14.09.2024-ൽ ഭോപ്പാൽ അർബൻ ക്രൈംബ്രാഞ്ച് ക്രൈം നം. 109/24 U/s 318 (4 BNS) Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളായ 1.റിയാസ്, 2. റസ്സൽ, 3.മുഹമ്മദ് മുബഷീർ, 4. സച്ചു സി. കെ എന്നിവരെ മധ്യപ്രദേശ് പോലീസ് അറസ്റ്റ് ചെയ്ത് ബഹു.പേരാമ്പ്ര കോടതി മുമ്പാകെ ഹാജരാക്കിയതിന് ശേഷം ട്രാൻസിറ്റ് വാറന്റ് സഹിതം ബഹു. ഭോപ്പാൽ കോടതിയിൽ ഹാജരാക്കുകയും ടിയാൻമാരെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.<br><br>മൂന്നാം പ്രതിയായ മുഹമ്മദ് മുബഷീർ എന്നയാളാണ് മറ്റുള്ളവരെക്കൊണ്ട് ബാങ്ക് അക്കൗണ്ട് നമ്പറും ATM കാർഡും തട്ടിപ്പുകാർക്ക് വേണ്ടി എടുത്തു നൽകിയത്. ടാക്സ് അടയ്ക്കാതെ വിദേശത്ത് നിന്നും വരുന്ന പണം പിൻവലിക്കാനാണ് എന്ന് പറഞ്ഞ് ബോധ്യപ്പെടുത്തിയാണ് ഇതിലേക്ക് മറ്റുള്ളവരെ ആകർഷിച്ചത്. ഇതിന് കമ്മീഷനായി 5000 രൂപ ഓരോ ആൾക്ക് വീതം നൽകിയിരുന്നുവെന്നും മുബഷീർ ഇതു പോലെ മുൻപ് ഇടപാട് നടത്തി കമ്മീഷൻ കൈപ്പറ്റിയിരുന്നു എന്നും യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല എന്നും പറഞ്ഞ് മറ്റ് പ്രതികളെ പ്രലോഭിപ്പിച്ചാണ് കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചത് എന്ന് അന്വേഷണത്തിൽ അറിവായിട്ടുണ്ട്. തട്ടിപ്പുകാർ ഇവരെ കണ്ണികളാക്കിക്കൊണ്ട് ഇവരുടെ അക്കൗണ്ടുകളിലെ പണം പിൻവലിക്കുന്നത് ഗൾഫ് രാജ്യങ്ങളിൽ നിന്നാണെന്നും അറിവായിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സാമ്പത്തിക തട്ടിപ്പിനിരയായവർക്ക് നീതിലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പൊതുജനങ്ങൾക്ക് ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cyber Crime Reporting Portal (NCRP) - ന്റെ ടോൾ ഫ്രീ നമ്പർ 1930 നിലവിലുണ്ട്. ഇതിലൂടെ ലഭിക്കുന്ന വിവരങ്ങളിന്മേൽ തട്ടിപ്പുകാരുടെ ബാങ്ക് |

| | | | |
|---|---|---|---|
| | | | അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്ത് തട്ടിയെടുത്ത തുക തിരിച്ചുപിടിയ്ക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക് അധികാരികളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നു. കൂടാതെ സൈബർ ഓപ്പറേഷൻ വിഭാഗത്തിന്റെയും ലോക്കൽ പോലീസിന്റെയും സംയുക്ത പ്രവർത്തനങ്ങളിലൂടെ ഇത്തരം കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും തട്ടിയെടുത്ത തുക വീണ്ടെടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു. |
| (സി) | ഇത്തരം തട്ടിപ്പുകളിൽ അകപ്പെടാതെ ശ്രദ്ധിക്കുന്നതിനുള്ള അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുമോ;വിശദമാക്കാമോ? | (സി) | സൈബർ സെല്ലിന്റെയും ജനമൈത്രി പോലീസിന്റെയും സഹായത്തോടെ ഇത്തരം തട്ടിപ്പുകൾക്കെതിരെ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. തട്ടിപ്പുകളെക്കുറിച്ച് പൗരന്മാരെ ബോധവൽക്കരിക്കുന്നതിനും സാമ്പത്തിക തട്ടിപ്പുകളിൽ നിന്നും ഭീഷണികളിൽ നിന്നും സുരക്ഷിതരാക്കുന്നതിനുമുള്ള പ്രായോഗിക അറിവ് നേടുന്നതിനുമായി ഓൺലൈൻ മുഖേനയുള്ള വിവിധ ബോധവൽക്കരണ പ്രോഗ്രാമുകൾ നടത്തുകയും ആയതിൽ നിരവധി പൊതുജനങ്ങൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച ജനങ്ങളിൽ അവബോധം വളർത്തുന്നതിന് വേണ്ടി ഈ കാലയളവിൽ 7703 സൈബർ വോളന്റീയർമാരെ രജിസ്റ്റർ ചെയ്യുകയും അവർക്ക് ജില്ലാ തലത്തിൽ ട്രെയിനിങ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ